**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 124** — **02-02-2024 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | കർഷകരുടെ ക്ഷേമത്തിനായി രൂപീകരിക്കപ്പെട്ട ബോർഡിന്റെ പ്രവർത്തനം വിശദമാക്കാമോ; | (ബി) | 2020 ഒക്ടോബർ മാസം കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. തൃശ്ശൂർ ആസ്ഥാനമായി ബോർഡിന്റെ ഹെഡ് ഓഫീസും, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖല ഓഫീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബോർഡിന്റെ ഭരണ നിർവ്വഹണം നടത്തുന്നത് 24 അംഗങ്ങളുടെ ഡയറക്ടർ ബോർഡ് ആണ്. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും, കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. കേരള കർഷകക്ഷേമ നിധി പദ്ധതിയുടെ കരട് അംഗീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.<br><br>കേരള കർഷക ക്ഷേമനിധി ബോർഡിൽ 18337 കർഷകർ അപേക്ഷിച്ചതിൽ നാളിതുവരെ 15049 കർഷകർ രജിസ്ട്രേഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങളിലുമാണ്.അപേക്ഷകൾ ഓൺലൈൻ ആയാണ് നൽകേണ്ടത്. അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ കർഷക ക്ഷേമനിധി ബോർഡിന്റെ https://kfwfb.kerala.gov.in എന്ന പോർട്ടൽ വഴിയാണ് നൽകേണ്ടത്. അപേക്ഷയുടെ തൽസ്ഥിതി അംഗത്തിന് എപ്പോൾ വേണമെങ്കിലും പോർട്ടലിൽ നിന്നും അറിയാനാവുന്നതും അപേക്ഷയിലുള്ള അപാകതകൾ പരിഹരിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ബോർഡിന്റെ വരുമാനം ഏതൊക്കെ രീതിയിലാണെന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്യുന്നതെന്നും വിശദീകരിക്കാമോ; | (സി) | കർഷകരുടെ ക്ഷേമത്തിനായി 'കേരള കർഷക ക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കുന്നതിനും വിജ്ഞാപനം വഴി ഒരു നിധി സർക്കാർ രൂപീകരിക്കുന്നതിനും കേരള കർഷക ക്ഷേമനിധി ആക്ട് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം രൂപീകൃതമാകുന്ന നിധിയിൽ നിന്നുമാണ് പെൻഷൻ നൽകുന്നതിനുള്ള തുക കണ്ടെത്തേണ്ടത്. കേരള കർഷകക്ഷേമ നിധി പദ്ധതിയുടെ കരട് അംഗീകരിക്കുന്നതിനായി സർക്കാരിന്റെ പരിഗണനയിലാണ്. നിധിയിലേക്ക് താഴെ പറയും പ്രകാരം വരുമാനം സ്വരൂപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.<br><br>1. അംഗങ്ങളുടെ നിധിയിലേക്കുള്ള അംശദായം;<br><br>2. കാർഷിക ഇൻസെന്റീവ്:- കർഷകരുടെ ക്ഷേമത്തിനായി നിധിയിലേക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വ്യാപാരം നടത്തുന്ന, വാർഷിക ലാഭം ഒരു ലക്ഷം രൂപയുടെ മുകളിൽ വരുന്ന ഓരോ വ്യാപാരിയും തന്റെ വാർഷിക ലാഭത്തിന്റെ ഒരു ശതമാനം വരുന്ന തുക കർഷകർക്കുള്ള അവകാശ ലാഭമെന്ന നിലയ്ക്ക് കാർഷിക ഇൻസെന്റീവ് ആയി നിധിയിലേക്ക് നൽകുന്ന തുക;<br><br>3. വരുമാന രൂപീകരണത്തിന്റെ ഭാഗമായി കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പന നടത്തുന്ന വകയിൽ ലഭിക്കുന്ന തുക;<br><br>4. ക്ഷേമനിധി ആക്ടിലെ 8- -ാം വകുപ്പ് 2--ാം ഉപവകുപ്പ് പ്രകാരം അംഗങ്ങളുടെ അംശദായത്തിനു ആനുപാതിക വിഹിതം പ്രതിമാസം പരമാവധി 250/- രൂപ എന്നതിന് വിധേയമായി സർക്കാർ നൽകുന്ന അംശദായം;<br><br>5. അംഗത്വം പുനരുജ്ജീവിക്കൽ പ്രകാരം ലഭിക്കുന്ന കുടിശികയും പലിശയും;<br><br>6. 2019 ലെ കേരള കർഷക ക്ഷേമനിധി ആക്ടിലെ 29-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന 'കിസ്സാൻ അഭിമാൻ പദ്ധതി' പ്രകാരം ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിലേക്കുള്ള തുക;<br><br>7. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ |

8. 2013- ലെ കമ്പനി നിയമ പ്രകാരമുള്ള (2013 -ലെ 18-ാം കേന്ദ്ര ആക്റ്റ്) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുതലായവ;

9. കിസ്സാൻ അഭിമാൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ കൃഷി വകുപ്പിന് നൽകി വന്നിരുന്ന തുകയ്ക്ക് സമാനമായി നിധിയിലേക്ക് സർക്കാർ വർഷംതോറും നൽകുന്ന തുക;

10. ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് തീരുമാന പ്രകാരം സമാഹരിക്കുന്ന ഏതെങ്കിലും നിയമാനുസൃത ഇനത്തിലുള്ള തുക;

11. പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്;

12. പരിസ്ഥിതി സംരക്ഷണം എന്ന ഉദ്ദേശ്യത്തോടു കൂടി, കർഷക ക്ഷേമത്തിനായി ഏതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ അനുവദിക്കുന്നതും, മറ്റേതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ കർഷക ക്ഷേമത്തിനായി അനുവദിക്കുന്നതുമായ തുകകൾ;

13. പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ടതായിട്ടുള്ള മറ്റേതെങ്കിലും തുക;

5 വർഷത്തിൽ കുറയാതെ അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗമായവർക്കാണ് പദ്ധതിയിലെ ആനുകൂല്യങ്ങൾക്ക് അർഹത. ബോർഡ് മുഖേന കർഷകർക്ക് താഴെ പറയുന്ന സേവനങ്ങൾ/ ആനുകൂല്യങ്ങൾ വിഭാവനം ചെയ്യുന്നു.

1. അറുപത് വയസ്സ് പൂർത്തിയാക്കിയതും 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ കർഷകർക്ക് പെൻഷൻ.

2. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം കുടിശ്ശിക ഇല്ലാതെ അടച്ച ശേഷം മരണമടയുന്ന കർഷകന്റെ കുടുംബത്തിന് കുടുംബ പെൻഷൻ.

3. അനാരോഗ്യ ആനുകൂല്യം: പെൻഷൻ തീയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്കാണ് ഈ ആനുകൂല്യം.

4. അവശത ആനുകൂല്യം: രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉള്ളവർക്കാണ് അവശത ആനുകൂല്യം.

5. ചികിത്സാ സഹായം: ബോർഡ് നിശ്ചയിക്കുന്ന ഇൻഷുറൻസ് പദ്ധതി പ്രകാരം ചികിത്സാ സഹായം

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതാണ്.<br><br>6. വിവാഹ, പ്രസവാനുകൂല്യം: ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന വനിതകളുടെയും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹത്തിന് സഹായം നൽകും. അംഗങ്ങളാകുന്ന വനിതകൾക്ക് 2 തവണ പ്രസവത്തിന് ധനസഹായം.<br><br>7. വിദ്യാഭ്യാസ ധനസഹായം: ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവകലാശാലകളിലെ പഠനത്തിന് സഹായം.<br><br>8. മരണാനന്തര ആനുകൂല്യം.<br><br>9. ഒറ്റത്തവണ ആനുകൂല്യം.<br><br>മുകളിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ ഉൾപ്പെടുന്ന കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതി രേഖയുടെ കരട് അംഗീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | കർഷക ആനുകൂല്യങ്ങളെ സംബന്ധിച്ച് ധനകാര്യ വകുപ്പും കൃഷി വകുപ്പും തമ്മിൽ തർക്കം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ